**പതിനാലാം കേരളനിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *26** — **28.11.2018-ൽ മറുപടിക്ക്**

**പ്രളയാനന്തര പുനർനിർമ്മാണവും പുനരധിവാസവും**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**,, പുരുഷൻ കടലുണ്ടി**<br>**,, സി. കെ. ശശീന്ദ്രൻ**<br>**,, ആന്റണി ജോൺ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) പ്രളയത്തിന് ശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;<br><br>(ബി) പുനർനിർമ്മാണം ആവശ്യമായി വരുന്ന മേഖലകളിൽ മുൻഗണനാക്രമത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ) യും (ബി) യും പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 09.11.2018ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റ പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. |
| (സി) അതിബൃഹത്തായ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം വിധത്തിലുള്ള വിഭവ സമാഹരണമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, |

സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയവയും ഉൾപ്പെടുന്നു.

(ഡി) പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ.വി.വേണു ഐ.എ.എസ്.നെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. ആർ.കെ.ഐ. യുടെ മേൽനോട്ട സംവിധാനത്തിൽ മന്ത്രിസഭ, ഉപദേശക സമിതി, ഉന്നതാധികാര സമിതി, ആർ.കെ.ഐ. നിർവ്വഹണ സമിതി, ആർ.കെ.ഐ. സെക്രട്ടേറിയറ്റ് വകുപ്പുതല ജില്ലാതല സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഉപദേശക സമിതിയിൽ മുഖ്യമന്ത്രി, കേന്ദ്ര ടൂറിസം വകുപ്പ് സഹമന്ത്രി, റവന്യൂ, ജലസേചനം, തുറമുഖം/മ്യൂസിയം, ട്രാൻസ്പോർട്ട് തുടങ്ങിയ വകുപ്പ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ് കൂടാതെ ഭരണരംഗത്ത് മികവ് തെളിയിച്ച രണ്ടു പേർ, ഒരു യുവ സംരംഭകൻ, എഞ്ചിനീയറിംഗ്, പരിസ്ഥിതി, സാമൂഹ്യ സേവനം, ബിസിനസ്സ്/ വ്യവസായം, സാമ്പത്തികം തുടങ്ങിയ മേഖലകളിൽ കഴിവ് തെളിയിച്ച പ്രഗത്ഭരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**